കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ സംഘടനാ സംവിധാനം - കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - കുടുംബശ്രീ ബൈലോയിലും തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലും അവശ്യം വരുത്തുന്ന ഭേദഗതികളും കൂട്ടിചേർക്കലും പുറപ്പെടുവിച്ച് ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(പി)നം. 268 /2011/തസ്വഭവ. തീയതി, തിരുവനന്തപുരം, 24/10/2011

പരാമർശം (1) 08/08/08 ലെ സ.ഉ. (പി) നമ്പർ 222/08/തസ്വഭവ
(2) 13/10/2008 ലെ സ.ഉ (പി) നമ്പർ 272/08/ത.സ്വ.ഭ.വ
(3) 05-08-2011-ലെ സ.ഉ. (പി) നം. 169/11/തസ്വഭവ
(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04/10/11 ലെ കെ.എസ്./എം/7375/08 നമ്പർ കുറിപ്പ്.

**ഉത്തരവ്**

എ.ഡി.എസ്-സി.ഡി.എസ്. ഭരണ സമിതികളിൽ 75% ബി.പി.എൽ പ്രാതിനിധ്യം വേണമെന്ന് നിഷ്ക്കർഷിച്ചുകൊണ്ട്പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ എ.ഡി.എസ്.-സി.ഡി.എസ്. ഭരണ സമിതികളിൽ 50% ബി.പി.എൽ പ്രാതിനിധ്യം നിലനിർത്തിയാൽ മതി എന്ന് 04/10/2011 ൽ ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായതനുസരിച്ച് എ.ഡി.എസ്.- സി.ഡി.എസ്. ഭരണ സമിതികളിലെ ബി.പി.എൽ. പ്രാതിനിധ്യം 50% ആയി നിജപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം - 4 ലെ കുറിപ്പ് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതിനാൽ കുടുംബശ്രീ ബൈലോയിലും തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയിലും അതിനനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഉത്തരവാകുന്നു.

**ബൈലോ ഭേദഗതി :**

| നിലവിലുള്ളത് (12.5) | പരിഷ്കരിക്കുന്നത് (12.5) |
|---|---|
| കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തിരഞ്ഞെടുക്കാനും തിരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര | കുടുംബശ്രീ അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തിരഞ്ഞെടുക്കാനും തിരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും താഴെ |

കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമെ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നി സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ, എ.പി.എൽ അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ 75% അംഗങ്ങളെങ്കിലും ബി.പി.എൽ അംഗങ്ങൾ തന്നെയായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. സി.ഡി.എസ്. ഭരണ സമിതികളിൽ കുറഞ്ഞത് 75% എങ്കിലും ബി.പി.എൽ അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ / വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

അയൽക്കൂട്ടങ്ങളിൽ 75% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26% ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു

പറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങൾക്കു മാത്രമേ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടായിരിക്കുകയുള്ളു. അയൽക്കൂട്ട സെക്രട്ടറി, പ്രസിഡന്റ് എന്നി സ്ഥാനങ്ങളിൽ ഒരാൾ നിർബന്ധമായും ബി.പി.എൽ കുടുംബാംഗ പ്രതിനിധി ആയിരിക്കണം. അയൽക്കൂട്ടത്തിൽ ബി.പി.എൽ അംഗ പ്രതിനിധി ആരുമില്ലാത്ത സാഹചര്യത്തിൽ, എ.പി.എൽ അംഗങ്ങൾക്ക് സെക്രട്ടറി, പ്രസിഡന്റ് സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നിവരിൽ ഒരാൾ നിർബന്ധമായും ടി ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം.

എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ **50%** അംഗങ്ങളെങ്കിലും ബി.പി.എൽ അംഗങ്ങൾ തന്നെയായിരിക്കണം. സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങളിലും ഏതെങ്കിലും ഒന്ന് നിർബന്ധമായും സി.ഡി.എസ്. ഭരണ സമിതിയിലെ ബി.പി.എൽ അംഗമായിരിക്കണം. സി.ഡി.എസ്. ഭരണ സമിതികളിൽ കുറഞ്ഞത് **50%** എങ്കിലും ബി.പി.എൽ അംഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ / വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്. അയൽക്കൂട്ടങ്ങളിൽ 50% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 3 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ.

| | |
|---|---|
| അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം. ***(സ.ഉ.(പി) നം. 169/2011/തസ്വഭവ തീയതി 05 -08-2011.)*** | അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 2 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% -ൽ താഴെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണ സമിതിയിൽ, കുറഞ്ഞത് ഒരു (1) ബി.പി.എൽ. അംഗമെങ്കിലും നിർബന്ധമായും തെരഞ്ഞെടുക്കപ്പെടേണ്ടതാണ്. |

**തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ ഭേദഗതി :**

| നിലവിലുള്ളത് | പരിഷ്കരിക്കുന്നത് |
|---|---|
| 15.3.4. അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെടാനുള്ള അർഹത താഴെപറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ സംവരണം ചെയ്തിരിക്കുന്നു: | 15.3.4. അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും തെരഞ്ഞെടുക്കാനും തെരഞ്ഞെടുക്കപ്പെടാനും അർഹതയുണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെടാനുള്ള അർഹത താഴെപറയുന്ന ഔദ്യോഗിക സ്ഥാനങ്ങളിൽ സംവരണം ചെയ്തിരിക്കുന്നു: |
| അയൽക്കൂട്ടം സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ കുടുബാംഗമായ അയൽക്കൂട്ട അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു. | അയൽക്കൂട്ടം സെക്രട്ടറി, പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ കുടുബാംഗമായ അയൽക്കൂട്ട അംഗത്തിനായി സംവരണം ചെയ്തിരിക്കുന്നു. |
| അയൽക്കൂട്ടങ്ങളിൽ 75% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26% ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ. ആയിരിക്കണം. | ***അയൽക്കൂട്ടങ്ങളിൽ 75% ന് മുകളിൽ ബി.പി.എൽ അംഗങ്ങളാണെങ്കിൽ 4 പേരെങ്കിലും 5 അംഗ ഭരണസമിതിയിൽ ബി.പി.എൽ. ആയിരിക്കണം. 51% മുതൽ 75% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് 3 അംഗങ്ങളെങ്കിലും ബി.പി.എൽ. ആയിരിക്കണം. 26% മുതൽ 50% വരെ ബി.പി.എൽ. അംഗങ്ങളാണെങ്കിൽ കുറഞ്ഞത് 2 ബി.പി.എൽ. അംഗങ്ങളെങ്കിലും നിർബന്ധമായും 5 അംഗഭരണസമിതിയിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതാണ്. 26% ൽ താഴെ ബി.പി.എൽ. അംഗങ്ങൾ ഉണ്ടെങ്കിൽ 5 അംഗ ഭരണസമിതിയിൽ കുറഞ്ഞത് ഒരു അംഗമെങ്കിലും ബി.പി.എൽ.*** |
| എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഒരു | |

| നിലവിലുള്ളത് | പരിഷ്കരിക്കുന്നത് |
| --- | --- |
| സ്ഥാനം നിർബന്ധമായും ബി.പി.എൽ അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ 75% (5 അംഗങ്ങൾ) എങ്കിലും ബി.പി.എൽ അംഗങ്ങൾ ആയിരിക്കണം.<br><br>സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. കൂടാതെ സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളിൽ 75% അംഗങ്ങളും ബി.പി.എൽ അംഗങ്ങൾ ആയിരിക്കണം.<br><br>കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്.<br><br>കൂടാതെ, സ്ഥാനാർത്ഥി, കുടുംബശ്രീ ത്രിതല സംഘടനാ ഭരണസമിതികളിലെ ഒരേ ഭാരവാഹി സ്ഥാനം തുടർച്ചയായി രണ്ടു തവണ വഹിച്ചിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. | ***ആയിരിക്കണം.***<br><br>എ.ഡി.എസ്. ചെയർപേഴ്സൺ, സെക്രട്ടറി എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. എ.ഡി.എസിന്റെ 7 അംഗ ഭരണ സമിതിയിലെ 50% (4 അംഗങ്ങൾ) എങ്കിലും ബി.പി.എൽ അംഗങ്ങൾ ആയിരിക്കണം.<br><br>സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിൽ ഒരു സ്ഥാനം നിർബന്ധമായും ബി.പി.എൽ അംഗത്തിന് സംവരണം ചെയ്തിരിക്കുന്നു. കൂടാതെ സി.ഡി.എസ്. ഭരണ സമിതി അംഗങ്ങളിൽ 50% അംഗങ്ങളും ബി.പി.എൽ അംഗങ്ങൾ ആയിരിക്കണം.<br><br>കേരളത്തിലെ ഒരു നിശ്ചിത ശതമാനം സി.ഡി.എസ്സുകളിൽ സി.ഡി.എസ്. ചെയർപേഴ്സൺ/ വൈസ് ചെയർപേഴ്സൺ സ്ഥാനങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്കായി സംവരണം ചെയ്യേണ്ടതാണ്. ഇതിനായുള്ള മാനദണ്ഡങ്ങളും നിബന്ധനകളും കുടുംബശ്രീ പൊതുധാരാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അതാതു കാലം സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്നതാണ്.<br><br>കൂടാതെ, സ്ഥാനാർത്ഥി, കുടുംബശ്രീ ത്രിതല സംഘടനാ ഭരണസമിതികളിലെ ഒരേ ഭാരവാഹി സ്ഥാനം തുടർച്ചയായി രണ്ടു തവണ വഹിച്ചിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. |

മേൽപറഞ്ഞ ബൈലോ വ്യവസ്ഥകളുടെയും തെരഞ്ഞെടുപ്പു മാർഗ്ഗ നിർദ്ദേശങ്ങളുടെയും സത്തയ്ക്ക് വിരുദ്ധമായ പരാമർശങ്ങളോ അനുബന്ധ

വ്യവസ്ഥകളോ ബൈലോയിലോ തിരഞ്ഞെടുപ്പ് ചട്ടങ്ങളിലോ നിലവിലുണ്ടെങ്കിൽ അവയും ഇതിനനുസൃതമായ ഭേദഗതിക്ക് വിധേയമാകുന്നതാണ്. പരാമർശം – 3 ലെ സർക്കാർ ഉത്തരവ് മേൽ വിവരിച്ച ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ ജില്ലാകളക്ടർമാർക്കും.
നഗര കാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മുനിസിപ്പൽ / കോർപ്പറേഷൻ സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിഡിഎസ്/എഡിഎസുകൾക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, കേരളം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ